ശ്രീ. പി. ടി. തോമസ് : കയർ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില കിട്ടാൻ വേണ്ടിയാണ് തുർക്കി അംബാസിഡർ ആലപ്പുഴയിൽ വന്നപ്പോൾ ഇതിനെ സംബന്ധിച്ച ഒരു പ്രഖ്യാപനം നടത്തിയതെന്ന് പത്രങ്ങളിലൂടെ കാണാൻ കഴിഞ്ഞു. അതുസംബന്ധിച്ചുള്ള കത്ത് ഇടപാടുകളോ മറ്റ് ചർച്ചകളോ നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : വിലകിട്ടുന്നതിന് വേണ്ടിയാണോ എന്നറിയില്ല, ഈ അംബാസിഡർ ആലപ്പുഴ ആസ്പിൻവാൾ കമ്പനിയുടെ ക്ഷണം അനുസരിച്ചാണ് വന്നത്. ഗവൺമെന്റിനെ അറിയിച്ചല്ല. എങ്കിലും അവിടെ വന്നുകഴിഞ്ഞതിനുശേഷം അദ്ദേഹത്തിന്റെ സ്റ്റേറ്റ്മെന്റ് വച്ച് കൂടുതൽ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് കയർ കോർപ്പറേഷനിലെ ഡൽഹിയിലെ റെപ്രസന്റേറ്റീവിനെക്കൊണ്ട് അന്വേഷണം നടത്തുന്നുണ്ട്.

ശ്രീ. പി. ടി. തോമസ്: കയറുൽപ്പന്നങ്ങൾ വിദേശത്ത് കയറ്റി അയയ്ക്കുന്നത് മാത്രമല്ല നമ്മുടെ നാട്ടിലൊക്കെ കയ്യാലകളും മതിലുകളുമൊക്കെ പണിയുന്നതിന് കയർ ഉപയോഗപ്പെടുത്താൻ കഴിയുന്ന ഒരു പുതിയ വിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്. അത് പ്രോഡക്റ്റുകളാക്കി മാറ്റാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാൻ കഴിയുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : അത് ജിയോ ടെക്സ്റ്റൈൽസിന്റെ കാര്യമാണ് പറഞ്ഞത്. ജിയോ ടെക്സ്റ്റൈൽസ് ഇക്കൊല്ലം തന്നെ നൂറോളം പ്രോജക്ടുകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ചിലയിടത്ത് പഞ്ചായത്തുകളും മറ്റ് സ്ഥാപനങ്ങളുമായിട്ടാണ് agreement വരുന്നത്. നദീതട പദ്ധതികൾക്ക് ചിറകെട്ടാൻ, മലയിടിച്ചിൽ ഉണ്ടാകാതിരിക്കാൻ, കടൽ കയറാതിരിക്കാനൊക്കെ ഉപകരിക്കത്തക്കവിധത്തിലുള്ള നടപടികളാണ് പണമനുസരിച്ച് ഇതിനു വേണ്ടിയുള്ള നടപടികളെടുക്കും. പരീക്ഷണങ്ങൾ കോന്നി (Agriculture University-യുടെ Farm)-യിൽ നടക്കുന്നുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

2. രേഖാമൂലം നല്കിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും ഉത്തരങ്ങളും

കേന്ദ്രഗവൺമെന്റ് ആനുകൂല്യം നൽകുന്ന വന്യമൃഗസംരക്ഷണ കേന്ദ്രങ്ങളും, നാഷണൽ പാർക്കുകളും

4 (*690) ശ്രീ. കെ. അച്ചുതൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വന്യമൃഗസംരക്ഷണ കേന്ദ്രങ്ങൾക്കും നാഷണൽ പാർക്കുകൾക്കും കേന്ദ്ര ഗവൺമെന്റ് ആനുകൂല്യം നൽകുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങൾക്കും നാഷണൽ പാർക്കുകൾക്കുമാണ് ആനുകൂല്യങ്ങൾ നൽകുന്നത് ;

(സി) ഏതെങ്കിലും അന്താരാഷ്ട്ര സെൽ ഏജൻസികളിൽ നിന്നും ഈ സ്ഥാപനങ്ങൾക്ക് ആനുകൂല്യം ലഭിക്കുമോ ; എങ്കിൽ അവ ഏതെല്ലാം ;

(ഡി) സംസ്ഥാനത്ത് നിലവിലുള്ള ഏതെല്ലാം വന്യമൃഗസംരക്ഷണ കേന്ദ്രങ്ങൾ നാഷണൽ പാർക്കുകളായി പ്രഖ്യാപിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട് ;

(ഇ) ഇത് സംബന്ധിച്ച് കേന്ദ്രത്തിന്റെ നിലപാട് വെളിപ്പെടുത്തുമോ ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) ഉണ്ട്.

(ബി) താഴെപ്പറയുന്ന 12 വന്യമൃഗസങ്കേതങ്ങൾക്കും രണ്ട് ദേശീയോദ്യാനങ്ങൾക്കുമാണ് കേന്ദ്ര ധനസഹായം ലഭിക്കുന്നത്.

1. ഇരവികുളം ദേശീയോദ്യാനം
2. സൈലന്റ് വാലി ദേശീയോദ്യാനം
3. പെരിയാർ വന്യജീവി സങ്കേതം
4. വയനാട് വന്യജീവി സങ്കേതം
5. പറമ്പിക്കുളം വന്യജീവി സങ്കേതം
6. നെയ്യാർ വന്യജീവി സങ്കേതം
7. പീച്ചി-വാഴാനി വന്യജീവി സങ്കേതം
8. ശെന്തുരുണി വന്യജീവി സങ്കേതം
9. ചിന്നാർ വന്യജീവി സങ്കേതം
10. ഇടുക്കി വന്യജീവി സങ്കേതം
11. ആറളം വന്യജീവി സങ്കേതം
12. പേപ്പാറ വന്യജീവി സങ്കേതം
13. തട്ടേക്കാട് വന്യജീവി സങ്കേതം
14. ചിമ്മിണി വന്യജീവി സങ്കേതം

(സി) ലഭിക്കുന്നുണ്ട്.

1. തേക്കടിയിലെ പെരിയാർ ടൈഗർ റിസർവിൽ ഗ്ലോബൽ എൻവയോൺമെന്റൽ ഫെസിലിറ്റി (സി.ഇ)-യുടെ സഹായത്തോടുകൂടി ഇന്ത്യാ ഇക്കോ ഡെവലപ്മെന്റ് പദ്ധതി 1996 മുതൽ നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. വേൾഡ് വൈഡ് ഫണ്ട് ഫോർ നേച്ചർ ആന്റ് നേച്ചർ കൺസർവേഷൻ- വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശം ഒഴിവാക്കുന്നതിലേക്കായി വൈദ്യുതി കമ്പിവേലി നിർമ്മിക്കുവാൻ സാമ്പത്തിക സഹായം നൽകിയും, സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാൻ മോട്ടോർ സൈക്കിളുകൾ വിതരണം ചെയ്തും സഹായം നൽകിയിട്ടുണ്ട്.

3. ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന കേരള ഫോറസ്ട്രി പ്രോജക്ടിൽ ജൈവവൈവിധ്യസംരക്ഷണത്തിനും കാട്ടുതീ തടയുന്നതിനും ജനപങ്കാളിത്തത്തോടെ വനസംരക്ഷണ പ്രവർത്തനങ്ങൾക്കും പദ്ധതിവിഹിതം ലഭിക്കാറുണ്ട്.

(ഡി) നിലവിൽ ഒന്നും ആവശ്യപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

കേന്ദ്ര സർക്കാരിന്റെ പഴം, പച്ചക്കറി കയറ്റുമതി പദ്ധതിയിൽ മലബാർ മേഖലയെക്കൂടി ഉൾപ്പെടുത്താൻ നടപടി

5 (*691) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. യു. സി. രാമൻ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ പഴം, പച്ചക്കറി കയറ്റുമതി പദ്ധതിക്കായി കേരളത്തിലെ ഒൻപത് ജില്ലകളെ തെരഞ്ഞെടുത്ത നടപടിയെക്കുറിച്ച് വിശദീകരിക്കാമോ ;

(ബി) പഴം, പച്ചക്കറി ഉൽപ്പന്നങ്ങൾ കൂടുതലായി കൃഷി ചെയ്യുന്ന മലപ്പുറം, കോഴിക്കോട് ജില്ലകളുൾപ്പെടെ മലബാർ മേഖലയെ ഈ പദ്ധതിയിൽനിന്നും ഒഴിവാക്കിയ വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ഡി) മലബാർ മേഖലയെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഏതുഘട്ടംവരെയായി എന്ന് വ്യക്തമാക്കാമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ-സി) കേന്ദ്രസർക്കാർ പ്രഖ്യാപിച്ച കയറ്റിറക്കുമതി നയത്തിന്റെ ഭാഗമായി കയറ്റുമതി വർദ്ധിപ്പിക്കുവാനുള്ള ഉദ്ദേശത്തോടുകൂടിയാണ് കാർഷിക കയറ്റുമതി മേഖലകൾ രൂപീകരിക്കുന്നത്. ഓരോ കയറ്റുമതി മേഖലയും അനുവദിക്കുന്നത് കേന്ദ്രസർക്കാരിന്റെ നിബന്ധനകൾ അനുസരിച്ചാണ്.

LIBRARY ARCHIVES Kerala Legislative Assembly